## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3577** **08-10-2025 - ൽ മറുപടിയ്ക്ക്**

## കോഴിക്കോട് ജില്ലയിലെ ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ ഭൂമി തരം മാറ്റുന്നതിന് എത്ര അപേക്ഷകൾ ഉണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിൽ ഭൂമി തരം മാറ്റുന്നതിന് സമർപ്പിച്ച പെൻഡിംഗ് അപേക്ഷകളുടെ വിവരം താലൂക്ക് തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | താലൂക്ക് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | കോഴിക്കോട് | 12,303 |
| 2 | താമരശ്ശേരി | 793 |
| 3 | വടകര | 2,145 |
| 4 | കൊയിലാണ്ടി | 3,215 |
| ആകെ | | 18,456 |

* 06/10/2025 തീയതി പ്രകാരമുള്ള കണക്ക്

| | | | |
|---|---|---|---|
| (ബി) | ഇതിൽ വീട് വെയ്ക്കുന്നതിന് വേണ്ടി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, 2018 പ്രകാരം തരം മാറ്റം അപേക്ഷകൾ റെലിസ് പോർട്ടൽ മുഖേന ഓൺലൈൻ വഴിയാണ് ലഭ്യമാകുന്നത്. ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കുമ്പോൾ, ഭവന നിർമ്മാണത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ വേർതിരിച്ച് ലഭ്യമാക്കുവാൻ റെലിസ് പോർട്ടലിൽ സാങ്കേതിക സംവിധാനം നിലവിലില്ലാത്തതിനാൽ ഭവന നിർമാണത്തിനായി സമർപ്പിച്ച അപേക്ഷകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള ഭവന നിർമാണ ആവശ്യത്തിലേക്കായുള്ള തരംമാറ്റം അപേക്ഷകൾ ലഭിക്കുന്ന അവസരങ്ങളിൽ, അപേക്ഷയും, അനുബന്ധ രേഖകളും പരിശോധിച്ച് മുൻഗണന അനുവദിച്ചു വരുന്നതാണ്. |
| (സി) | ലൈഫ് പദ്ധതിയിലല്ലാതെ വീട് വെയ്ക്കുന്നതിനായി ഭൂമി തരംമാറ്റുന്നതിന് എന്തെങ്കിലും പരിഗണന നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം അപേക്ഷകൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ലൈഫ് പദ്ധതിയിലല്ലാതെ അനുകമ്പാർഹമായ മറ്റു സാഹചര്യങ്ങളിൽ വീട് നിർമിക്കുന്നതിനായുള്ള തരംമാറ്റം അപേക്ഷകൾക്ക് മുൻഗണന നൽകി വരുന്നു. ഇത്തരം അപേക്ഷകളിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് നിജസ്ഥിതി ബോധ്യപ്പെടുന്ന പക്ഷം മുൻഗണന കമ്മിറ്റി |

| | | | |
|---|---|---|---|
| | | | ചേർന്ന് മുൻഗണന അനുവദിച്ചു വരുന്നതും, അദാലത്തുകൾ നടത്തി അപേക്ഷകളിൽ തീർപ്പുകൽപിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ